പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എസിഡി എസ്.പി.സി(2)/148001/2019/എച്ച്.എസ്.ഇ** **തീയതി :11/02/2020**

# സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- 2019-20 അധ്യയന വർഷത്തെ നിരന്തരമൂല്യ നിർണ്ണയ ഏകദിന ശില്പശാല - ധനവിനിയോഗം -നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന:-** 1. 28/01/2020-ലെ ഇതേ നമ്പർ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
2. 31/01/2020, 03/02/2020 -ലെ ഇതേ നമ്പർ സർക്കുലർ

2019-20 അധ്യയന വർഷത്തെ നിരന്തരമൂല്യനിർണ്ണയ ഏകദിന ശില്പശാല 03/02/2020, 04/02/2020 തീയതികളിലായി വിവിധ കേന്ദ്രങ്ങളിൽ വച്ച് നടന്നിട്ടുള്ളതാണ്. ശില്പശാലയുടെ സുഗമമായ നടത്തിപ്പിന് വിവിധ ശില്പശാല കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക് ആവശ്യമായി വരുന്ന തുക അഡ്വാൻസായി സൂചന (1) പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുക ചെലവഴിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകിയിട്ടുള്ളതാണ്.

1. സൂചന (1) പ്രകാരം അഡ്വാൻസായി അനുവദിച്ച തുക അതാത് ശില്പശാല കേന്ദ്രപ്രിൻസിപ്പൽമാർ 20/02/2020-നകം 2202-02-105-95 (P) എന്ന ശീർഷകത്തിൽ അതാത് ട്രഷറികളിൽ സെറ്റിൽ ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, Expenditure Statement -ഉം ഉൾപ്പെടെ DHSE - Academic Special cell വിഭാഗത്തിൽ 25/02/2020-നകം എത്തിക്കേണ്ടതാണ്.
    a. അഡ്വാൻസ് തുക പിൻവലിച്ച് പേഴ്സണൽ അക്കൗണ്ടിലോ/ കൈവശമോ സൂക്ഷിച്ചിട്ടുള്ള ശില്പശാല കേന്ദ്ര പ്രിൻസിപ്പൽമാർ ബാക്കി തുക 2202-02-105-95 (P) എന്ന ശീർഷകത്തിൽ അതാത് ട്രഷറികളിൽ ഒടുക്കി വേണം അഡ്വാൻസ് സെറ്റിൽ ചെയ്യാൻ.

b. ചെലവായ തുകയുടെ ബാക്കി ട്രഷറികളിൽ നിന്നും പിൻവലിക്കാതെ കിടക്കുന്ന അഡ്വാൻസ് തുക അതാത് ശില്പശാല കേന്ദ്ര പ്രിൻസിപ്പൽമാർ BIMS വഴി സറണ്ടർ ചെയ്ത് അപ്രൂവ് ചെയ്തെങ്കിൽ മാത്രമേ സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാകൂ.

2. വിവിധ ശില്പശാല കേന്ദ്രങ്ങളിലേക്ക് അനുവദിക്കപ്പെട്ട അഡ്വാൻസ് തുകയ്ക്ക് പുറമെ അധികമായി വന്ന ചെലവ് ശില്പശാല കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർ താഴെ പറയുന്ന രീതിയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

   a. മൊത്തം ചെലവാകുന്ന തുക വൗച്ചർ നമ്പർ പ്രകാരം ക്രമപ്പെടുത്തി ബാക്കി ആവശ്യമുള്ള തുക സ്റ്റേറ്റ്മെന്റാക്കി സാക്ഷ്യപ്പെടുത്തി DHSE (Academic Special cell) -ൽ 2020 ഫെബ്രുവരി 20-നകം തന്നെ ലഭ്യമാക്കണം. ഇ-മെയിൽ ആയി വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2020 ഫെബ്രുവരി 20 കഴിഞ്ഞ് വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതുമല്ല.

തുടർന്ന് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ബാക്കി തുക കൂടി അനുവദിക്കുന്നതാണ്. പ്രസ്തുത തുക മൊത്തം ബില്ലുകളും ട്രഷറിയിൽ സെറ്റിൽ ചെയ്യുന്ന സമയത്ത് നൽകുന്ന ഡി.ഡി.ഒ. യുടെ പ്രൊസീഡിംഗ്സ് പ്രകാരം തുക ചെലവായ പ്രിൻസിപ്പലിന്റെ അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നും ലഭ്യമാകുന്നതാണ്. ഇപ്രകാരം സെറ്റിൽ ചെയ്ത് പ്രൊസീഡിംഗ്സും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മാർച്ച് 1-നകം തന്നെ DHSE (Academic Special cell) – ൽ സമർപ്പിക്കേണ്ടതാണ്.

യാതൊരു കാരണവശാലും ബില്ലുകളും വൗച്ചറുകളും ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതില്ല. ബില്ലുകളും വൗച്ചറുകളും ട്രഷറിയിലാണ് സമർപ്പിക്കേണ്ടത്. ആയതിന്റെ കോപ്പികൾ ശില്പശാല കേന്ദ്ര പ്രിൻസിപ്പാൾമാർ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

3. ഇതുവരെയും അഡ്വാൻസ് തുക അനുവദിക്കാത്ത ശില്പശാല കേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർ മൊത്തം ചിലവായ തുക വൗച്ചർ പ്രകാരം ക്രമപ്പെടുത്തി സ്റ്റേറ്റ്മെന്റ് സഹിതം സാക്ഷ്യപ്പെടുത്തി DHSE (Academic Special

cell) –ൽ 2020 ഫെബ്രുവരി 20 -നകം ലഭ്യമാക്കണം. സ്റ്റേറ്റ്മെന്റ് പ്രകാരം അനുവദിക്കുന്ന തുക അതാത് ശില്പശാല കേന്ദ്ര പ്രിൻസിപ്പാൾമാർ ബില്ലുകൾ സഹിതം ട്രഷറിയിൽ സമർപ്പിച്ച് സെറ്റിൽ ചെയ്യേണ്ടതും ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാർച്ച് 1 -നകം തന്നെ DHSE -Academic Special cell വിഭാഗത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഈ സാമ്പത്തിക വർഷം അനുവദിച്ച തുക മേൽപ്പറഞ്ഞ പ്രകാരം തന്നെ സെറ്റിൽ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾക്ക് അതത് ശില്പശാല കേന്ദ്ര പ്രിൻസിപ്പൽമാർ തന്നെ ഉത്തരവാദികളാണെന്ന് അറിയിക്കുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)